# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1624

31-01-2018 ൽ മറുപടിയ്ക്ക്

## തരിശുനിലങ്ങളും തരിശുഭൂമിയും സജീവ കൃഷിയിടങ്ങളാക്കി മാറ്റുന്നതിന് നടപടി

**ചോദ്യം**

ശ്രീ.എ. പ്രദീപ്കുമാർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കൃഷി യോഗ്യമായ തരിശുനിലങ്ങളും തരിശുഭൂമിയും സജീവ കൃഷിയിടങ്ങളാക്കി മാറ്റുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഏകദേശം 70 ഹെക്ടർ കൃഷിക്കനുയോജ്യമായ തരിശുഭൂമിയുണ്ട്. |

| | |
|---|---|
| പാച്ചാക്കൽ (മലാപ്പറമ്പ്) | 30 ഹെക്ടർ |
| പലക്കട (പുതിയങ്ങാടി) | 20 ഹെക്ടർ |
| പറമ്പിൽ ബസാർ, കണ്ണാടിക്കൽ (വേങ്ങേരി) | 10 ഹെക്ടർ |
| മറ്റു സ്ഥലങ്ങൾ | 10 ഹെക്ടർ |
| **ആകെ** | **70 ഹെക്ടർ.** |

കൃഷി വകുപ്പിന്റെ സമഗ്ര നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, ജനകീയാസൂത്രണ പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി ഇരിങ്ങാടൻ പള്ളി പ്രദേശത്ത് ഒരു ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. കൂടാതെ ഗവൺമെന്റ് ടീച്ചേഴ്സ് ട്രയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് നടക്കാവ്, കിണാശ്ശേരി സ്കൂൾ എന്നിവിടങ്ങളിൽ 50 സെന്റ് വീതം നെൽകൃഷി ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ഏകദേശം 1.5 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷിയും ചെയ്തിട്ടുണ്ട്.

കൃഷിക്കനുയോജ്യമായിട്ടുള്ള തരിശായിക്കിടക്കുന്ന മറ്റ് സ്ഥലങ്ങൾ ഭൂവുടമകൾ കൃഷിയ്ക്കായി വിട്ടുനൽകാത്തത് ഈ പ്രദേശങ്ങളിൽ കൃഷിയിറക്കുന്നതിന് ഒരു തടസ്സമാണ്.

കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലത്തെക്കുറിച്ചുള്ള സെമിനാറുകൾ നടത്തുകയും ബോധവല്ക്കരണം നടത്തുകയും ചെയ്തിട്ടുണ്ടെങ്കിലും നഗരപ്രദേശമായതിനാൽ കൃഷി

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് ഉടമകൾ തയ്യാറാകാതിരിക്കുകയും കൃഷിയ്ക്കായി ഭൂമി വിട്ടുനൽകാതിരിക്കുകയും ചെയ്യുന്നതിനാൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തി കൃഷി യോഗ്യമാക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ നെൽവയൽ തണ്ണീർത്തട നിയമത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച് തരിശിട്ടിരിക്കുന്ന ഭൂമിയുടെ ഉടമയും കൃഷി ചെയ്യാൻ സന്നദ്ധരല്ലെങ്കിൽ കൃഷി ഏറ്റെടുത്തു നടത്തുവാൻ സർക്കാരിന് അധികാരം നൽകുന്നുണ്ട്. ഇതു പ്രകാരം ഇവിടെ കൃഷി ആരംഭിക്കാനാകും. |

**സെക്ഷൻ ഓഫീസർ**